"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്ലാനിംഗ് -മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിൽ വിരമിച്ച ശ്രീമതി കുഞ്ഞമ്മ മേഴ്സി ജേക്കബ് സമർപ്പിച്ച OA 1777/2022 ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.3.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇ ഡബ്ല്യൂ ബി) വകുപ്പ്

സ.ഉ.(സാധാ) നം.1282/2024/LSGD തീയതി,തിരുവനന്തപുരം, 15-07-2024

---

പരാമർശം:-

1. അക്കൗണ്ടന്റ് ജനറലിന്റെ സീനിയർ ഓഡിറ്റ് ഓഫീസറുടെ ( OA party-06) 01.12.2016 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 4 നോട്ട്.
2. നഗര കാര്യ വകുപ്പിലെ റിട്ട. സീനിയർ ക്ളർക്ക് ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന്റെ 19.3:2020 തീയതിയിലെ സമർപ്പണം.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 319/2022 ലെ 9/3/2022 തീയതിയിലെ ഉത്തരവ്.
4. സ.ഉ.(സാധാ) നം. 1516/2022/തസ്വഭവ തീയതി 24.06.2022.
5. OA 1777/2022 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.3.2024 തീയതിയിലെ ഉത്തരവ്

<u>ഉത്തരവ്</u>

നഗര-ഗ്രാമാസൂത്രണ വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ വിരമിച്ച ശ്രീമതി കുഞ്ഞമ്മ മേഴ്സി ജേക്കബ്, ശമ്പള നിർണ്ണയത്തിന്റെ ഭാഗമായി തനിക്ക് അനുവദിക്കപ്പെട്ട അധിക തുക ഓഡിറ്റ് പരാമർശത്തെ തുടർന്ന് തിരിച്ച് പിടിച്ചതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരുന്നു. ടിയാളുമായി ബന്ധപ്പെട്ട വസ്തുതകളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

2. നഗര-ഗ്രാമാസൂത്രണ വകുപ്പിൽ 17/03/2004 ൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി കുഞ്ഞമ്മ മേഴ്സി ജേക്കബ്, 8 വർഷത്തെ സേവനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 17.03.2012 പൂർവാഹ്നം മുതൽ 10480 — 18300 രൂപ ശമ്പള സ്കെയിലിൽ 12550/- രൂപ അടിസ്ഥാന ശമ്പളം നിശ്ചയിച്ച് ഹയർ ഗ്രേഡ് അനുവദിച്ച നൽകിയിരുന്നു. തുടർന്ന് ടിയാരിയ്ക്ക് 3/6/2014 ന് സീനിയർ ക്ലർക്കായി പ്രമോഷൻ നൽകുകയും അന്നേ ദിവസം പ്രാബല്യത്തിൽ 13210 — 22360 ശമ്പള സ്കെയിലിൽ 13980/- രൂപ അടിസ്ഥാന ശമ്പളം നിർണയിച്ച് നൽകുകയും ചെയ്തിരുന്നു.

3. അക്കൗണ്ടന്റ് ജനറൽ നഗരാസൂത്രണ വകുപ്പിൽ നടത്തിയ ഓഡിറ്റിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീമതി കുഞ്ഞമ്മ മേഴ്സി ജേക്കബിന്റെ ശമ്പള നിർണയത്തിൽ അപാകത കണ്ടെത്തുകയും, പരാമർശം (1) ലെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ നിന്നും വിരമിച്ച സീനിയർ ക്ലർക്ക് (ഹയർ ഗ്രേഡ്) ആയ ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബ് എന്ന ജീവനക്കാരിയ്ക്ക് 8 വർഷ സേവനക്കാലത്തിനുള്ള ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം നിർണ്ണയിച്ചതിൽ ഇത്തരത്തിൽ അധികമായി ടിയാൾ കൈപ്പറ്റിയ തുകയായ 44,298/ രൂപ(നാല്പ്പത്തി നാലായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി എട്ട് രൂപ) ടീയാളിൽ നിന്നും തിരിച്ച് ഈടാക്കാനും ശിപാർശ ചെയ്തിരുന്നു. തുടർന്ന് ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത പരിശോധനയുടെ ഭാഗമായി 30.04.2021 ൽ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബ് ന്റെ പെൻഷൻ ആനുകൂല്യവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഭാഗമായി തിരിച്ച് പിടിക്കുകയും ചെയ്തിരുന്നു.

4. എന്നാൽ പ്രസ്തുത നടപടി, ക്ലാസ് III, ക്ലാസ് IV ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അധികം കൈപ്പറ്റിയ തുക തിരിച്ച പിടിക്കുന്നത് നിയമപരമായി അനുവദനീയമല്ല എന്ന ബഹു. സുപ്രീം കോടതി വിധിക്ക് എതിരാണെന്നും, പ്രസ്തുത വിധിയുടെ സംരക്ഷണം തനിക്ക് നൽകി, ശമ്പള നിർണ്ണയത്തിലെ അപാകത മൂലം അധികമായി കൈപ്പറ്റിയ തുക തിരിച്ച പിടിച്ചിരുന്നത് തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 319/2022 ആയി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിലെ പരാമർശം (3)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിയ്ക്കുകയും അധികമായി കൈപ്പറ്റിയ തുക ടിയാൾ തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ, അപേക്ഷയിലെ ആവശ്യം, ബന്ധപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അന്തസത്തയ്ക്ക് ചേർന്നതല്ലാത്തതിനാൽ പ്രസ്തുത അപേക്ഷയിലെ ആവശ്യം നിരസിച്ച കൊണ്ട് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9.3.2022 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5. തുടർന്ന് മേൽ പറഞ്ഞ പരാമർശം (4) ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട്, സർക്കാർ തിരിച്ച് പിടിച്ച അധികമായി കൈപ്പറ്റിയ തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബ് വീണ്ടും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 1777/2022 നമ്പർ ആയി കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (4) ലെ സർക്കാർ ഉത്തരവ് റദ്ദാക്കുകയും, ബഹു. സുപ്രീം കോടതിയുടെ State of Panjab Vs Rafiq Masih കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെപരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം, ടിയാളുമായി ബന്ധപ്പെട്ട സർവ്വീസ് റെക്കോർഡുകളുടെ അടിസ്ഥാനത്തിൽ വീണ്ടും വിശദമായി പരിശോധിച്ചു. സമയ ബന്ധിത ഹയർഗ്രേഡ് അനുവദിച്ചിരുന്ന സമയത്ത് തന്നെ ടിയാരിയുടെ ശമ്പളം സീനിയർ ഗ്രേഡിനു തുല്യമായാണ് നിർണ്ണയിച്ചിരുന്നത്. എന്നാൽ പ്രൊമോഷന്റെ ഭാഗമായി ടിയാൾക്ക് ഒരു ഫിക്സേഷൻ നൽകുകയും അത് തെറ്റാണെന്നുമാണ് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിലും ബോധ്യപ്പെട്ടത്. ഇത്തരം കേസുകളിൽ തെറ്റായ ഫിക്സേഷൻ മൂലം അധികമായി തുക ബന്ധപ്പെട്ട ജീവനക്കാർക്ക് അനുവദിച്ച നൽകുകയാണെങ്കിൽ തിരിച്ച നൽകുന്നതാണെന്നുള്ള സത്യവാങ്മൂലം സർക്കാർ ബാധകമാക്കിയിട്ടുണ്ട്. ഇവിടെ ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന്റെ കേസ് പരിശോധിച്ചതിൽ ടിയാൾക്കും ഇത്തരത്തിൽ ഫിക്സേഷൻ നല്കിയതായും ശമ്പള നിർണ്ണയത്തിൽ ഭാവിയിൽ എന്തെങ്കിലും തുക അധികമായി അനുവദിച്ചെന്ന് കണ്ടാൽ അത് തിരികെ നൽകാമെന്ന് രേഖാമൂലം സമ്മതം (Undertaking) നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ പരാതിക്കാരി നൽകിയിരുന്ന undertaking ന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ടിയാരിയുടെ അനുവാദത്തോടെ പെൻഷൻ നൽകുന്നതിന് മുന്നോടിയായി അധികതുക തിരികെ ഈടാക്കിയിട്ടുള്ളത്.

7 വസ്തുതകൾ പരിശോധിച്ചതിൽ തെറ്റായ ഫിക്സേഷന്റെ ഭാഗമായി അനർഹമായി നൽകാനിടയായ തുക തിരിച്ച പിടക്കുകയെന്ന നിയമപരമായ കടമ മാത്രമാണ് സർക്കാർ ഇക്കാര്യത്തിൽ നിറവേറ്റിയിട്ടുള്ളത്. എ.ജി ഓഡിറ്റിന്റെ ഭാഗമായി ചൂണ്ടിക്കാട്ടിയ വ്യക്തമായ വസ്തുതയിൻമേൽ മറിച്ചൊരു തീരുമാനമെടുക്കാൻ സർക്കാരിന് സാധ്യവുമല്ല. പൂർണ്ണമായും നിയമപരവും നിയമ വിധേയവുമായാണ് സർക്കാർ ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. മത്രവുമല്ല ടിയാരിയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ടിയാരിക്ക് നിയമപരമായി അർഹത ഇല്ലാത്തതും തെറ്റായി അനുവദിച്ചതുമായ തുക തിരിച്ച പിടിച്ചത്. അത് പ്രകാരം തന്നെയാണ് ടിയാരിയുടെ ശമ്പളം പുനഃനിർണ്ണയിച്ച് നൽകിയതും പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതും.

ഇവയെല്ലാം വ്യവസ്ഥാപിതമായ മാർഗങ്ങളിലൂടെയും സർക്കാർ നടപടി ക്രമങ്ങളിലൂടെയും തീർപ്പാക്കിയ സംഗതിയാണ്.

8. ബഹു സുപ്രീം കോടതി വിധി അനുസരിച്ചിട്ടുള്ളതല്ല സർക്കാർ പുറപ്പെടുവിച്ച പരാമർശം(4) തീരുമാനം എന്ന ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(5) ഉത്തരവും സർക്കാർ വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ബഹു സുപ്രീം കോടതിയുടെ State of Panjab Vs Rafiq Masih (White Washer)-*Civil Appeal No. 11527 of 2014*) കേസിന്റെ വിധിന്യായ പ്രകാരം ക്ലാസ് III, ക്ലാസ് IV സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്കെതിരെ റിക്കവറി നടത്തരുതെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന്റെ കേസ്, ശമ്പള നിർണ്ണയം നടത്തിയതുവഴി തെറ്റായ ഫിക്സേഷന്റെ ഭാഗമായി നൽകപ്പെട്ട അധികമായി നൽകിയ അനർഹമായ തുക തിരിച്ചു പിടിച്ചത് സംബന്ധിച്ചുള്ളതാണ്. ഇത് ബഹു. സുപ്രീം കോടതി വിധി പ്രകാരം ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന് അർഹതപ്പെട്ടതായി കാണുന്നില്ല. ആയതു കൊണ്ട് പ്രസ്തുത തുക നിയമ പ്രകാരം ടിയാരിക്ക് അവകാശപ്പെട്ടതല്ല. നിലവിൽ ടിയാൾക്കെതിരെ മറ്റു റിക്കവറി നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ ബഹു സുപ്രീം കോടതിയുടെ മേൽവിധിന്യായത്തിന്റെ ആനുകൂല്യം ഈ കേസിൽ ഹർജിക്കാരിയ്ക്ക് ലഭിക്കാൻ അർഹതയില്ലെന്നു കാണുന്നു. മാത്രമല്ല ബഹു സുപ്രീം കോടതി അനുശാസിക്കുന്ന റിക്കവറി നടപടി അല്ല ഇവിടെ സ്വീകരിച്ചിട്ടുള്ളതെന്നും മറിച്ച് അനർഹമായ ആനുകൂല്യം കൈപ്പറ്റിയ ഒരു ജീവനക്കാരിയിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട തുകയുടെ തിരിച്ചടവ് ഉറപ്പാക്കുക മാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളത്. High Court of Punjab & Haryana & Others Vs Jagdev Singh (Civil Appeal No. 3500 of 2006) കേസിൽ ബഹു സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ജീവനക്കാർ, ശമ്പള നിർണ്ണയത്തിൽ ഭാവിയിൽ എന്തെങ്കിലും തുക അധികമായി അനുവദിച്ചെന്ന് കണ്ടാൽ അത് തിരികെ നൽകാമെന്ന് അണ്ടർടേക്കിങ് നൽകിയാൽ തുക തിരിച്ചു ഈടാക്കാൻ അനുവദിച്ചിട്ടുമുണ്ട്.

9..മേൽ വിവരിച്ച വസ്തുതകളുടേയും, വിശദാംശങ്ങളുടേയും അടിസ്ഥാനത്തിൽ, തെറ്റായ ഫിക്സേഷന്റെ ഭാഗമായി അനർഹമായി ശ്രീമതി. കുഞ്ഞമ്മ മേഴ്സി ജേക്കബിന് അനുവദിച്ച് നൽകിയിരുന്ന ഫിക്സേഷൻ തുക തിരികെ നൽകണമെന്ന ആവശ്യം, ബഹു സുപ്രീം കോടതിയുടെ State of Panjab Vs Rafiq Masih കേസിന്റെ വിധിന്യായപ്രകാരമുള്ള ആനുകൂല്യത്തിന് ടിയാൾക്ക് ലഭിക്കാൻ അർഹതയില്ലാത്തതായി കാണുന്നു. ആയതിനാൽ തിരിച്ചു പിടിച്ച തുക തിരികെ നൽകണമെന്ന അപേക്ഷകയുടെ പരാമർശം (2) ലെ അപേക്ഷ നിരസിച്ചു കൊണ്ട് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1777/2022 കേസിലെ 25.3.2024 തീയതിയിലെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, വിജിലൻസ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി കുഞ്ഞമ്മ മേഴ്സി ജേക്കബ്, സീനിയർ ക്ലർക്ക് (Rtd), മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം, (സി റ്റി പി മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

വെബ് &ന്യൂ മീഡിയ, ഐ.& പി.ആർ.ഡി.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( File No. EWB3/23/2023-LSGD )

ഉത്തരവിൻ പ്രകാരം

Signed by Keerthi I P
Date: 15-07-2024 16:26:19
സെക്ഷൻ ഓഫീസർ